തദ്ദേശസ്വയംഭരണ തലത്തിലുള്ള ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രതികരണ ഉപകരണങ്ങളുടെ ആവശ്യകത പരിശോധിച്ച് തദ്ദേശസ്വയംഭരണ തലത്തിലുള്ള ദുരന്ത ലഘൂകരണ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങാവുന്നതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഇതിനാവശ്യമായ തുക വകയിരുത്തുവാൻ വ്യവസ്ഥയുള്ളതിനാൽ, തദ്ദേശ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന മുറയ്ക്ക് ആവശ്യമായ തുക തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ജനകീയ, സുഭിക്ഷ ഹോട്ടലുകൾ

389 (5114) ശ്രീ. പി. പി. ചിത്തരഞ്ജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടലുകളും സുഭിക്ഷ ഹോട്ടലുകളും ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നാളിതുവരെ 1,143 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. നഗരപ്രദേശത്ത് 189 ജനകീയ ഹോട്ടലും ഗ്രാമപ്രദേശത്ത് 954 ജനകീയ ഹോട്ടലുമാണ് രൂപീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ഹോട്ടലുകൾക്കുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ജനകീയ ഹോട്ടലുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനസഹായം നൽകുന്നില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്കുകീഴിൽ ലഭ്യമായ കെട്ടിടങ്ങൾ സൗജന്യമായി നല്കുന്നുണ്ട്.

പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

390 (5115) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ?

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 29-1-2018-ലെ സ.ഉ. (കൈ)നമ്പർ 11/2018/തസ്വഭവ.,

LIBRARY ARCHIVES Kerala Legislative Assembly